ഫീഡിംഗ് അലവൻസ്

143 (67) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹർത്താൽ, പൊതുപണിമുടക്ക് മുതലായ നിയമ സമാധാനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പോലീസിനെ മൊബിലൈസ് ചെയ്ത് ദിവസം പൂർണ്ണമായോ തുടർച്ചയായി അതിലധികം സമയമോ ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ അവർക്ക് ഫീഡിംഗ് അലവൻസ് നൽകിയിരുന്നുവോ ; എങ്കിൽ പ്രതിദിനം എന്ത് തുക വീതം നൽകി വന്നിരുന്നു ;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് ഈ അലവൻസ് നൽകുന്നുണ്ടോ : ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) അവർക്ക് ഫീഡിംഗ് അലവൻസ് കൊടുക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കലാപബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിക്കുന്ന പ്രദേശത്ത് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്കാണ് ഫീഡിംഗ് അലവൻസ് നൽകി വരുന്നത്. അതിന്റെ നിരക്ക് താഴെകൊടുക്കുന്നു.

എച്ച്.സി/പി.സി	10 രൂപ
എസ്.ഐ/എ.എസ്.ഐ	12 രൂപ
സി.ഐ.	15 രൂപ

(സി) കലാപബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്ക് ഇപ്പോഴും ഈ അലവൻസ് നൽകി വരുന്നു.

(ഡി) 'സി' യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വിസ ഇല്ലാത്ത വിയറ്റ്നാംകാരന് സംസ്ഥാനത്ത് ഇറങ്ങാൻ അനുവാദം നൽകിയ സംഭവം

144 (79) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വച്ച് നടത്തിയ ഡി.വൈ.എഫ്.ഐ.അഖിലേന്ത്യാ സമ്മേളനത്തിൽ സംബന്ധിക്കാൻ വിയറ്റ്നാമിൽ നിന്നെത്തിയ ഹ്യൂവെൻഹായ് ഖാൻ എന്നയാളിന സംസ്ഥാനത്ത് ഇറങ്ങുവാനുള്ള വിസ ഉണ്ടായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആര് നൽകിയ വിസയാണ് അയാൾ ഹാജരാക്കിയത് ; വിസ ഇല്ലാതിരുന്നപക്ഷം അദ്ദേഹത്തെ സംസ്ഥാനത്ത് ഇറങ്ങുവാൻ അനുവദിച്ചത് എപ്രകാരമാണ് ;

(സി) ഈ വ്യക്തിയെ വയറുവേദനയ്ക്ക് ചികിത്സിക്കുവാൻ തിരുവനന്തപുരത്ത മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോവുക ഉണ്ടായോ ;

(ഡി) മതിയായ യാത്രാരേഖകളില്ലാതെ ഇവിടെ ഇറങ്ങിയ ഈ വ്യക്തിയെ സൂക്ഷിക്കുവാൻ ആശുപത്രിയിൽ പോലീസിനെ ഏർപ്പെടുത്തിയിരുന്നുവോ ; എങ്കിൽ ആരെയെല്ലാം ;

(ഇ) ഈ വ്യക്തി പ്രസ്തുത ആശുപത്രിയിൽ എത്ര കാലം കിടന്നു ; ഇയാൾ ആശുപത്രിയിൽ നിന്നും പോയപ്പോൾ വിവരം പോലീസിന് റിപ്പോർട്ട് ചെയ്തിരുന്നുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) യാത്രാരേഖകൾ ഇല്ലാതെ വന്നയാൾ ഡി.വൈ.എഫ്.ഐ. സമ്മേളനത്തിൽ സംബന്ധിച്ചിട്ടുണ്ടോ ;

(ജി) ഇദ്ദേഹം തിരിച്ചുവന്നപ്പോൾ വിസ കാണിച്ചിരുന്നുവോ ;

(എച്ച്) വിസ ഇല്ലാതെ സംസ്ഥാനത്തിനകത്ത് സഞ്ചരിക്കാൻ ഇയാളെ അനുവദിച്ച എമിഗ്രേഷൻ അധികൃതരുടെ മേൽ എന്ത് നടപടിയെടുത്തു ; ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്തന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എച്ച്) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നമ്പർ 25022/45/94/ എഫ്.ഐ തീയതി 28-3-1995 പ്രകാരം നയതന്ത്ര/ഔദ്യോഗിക പാസ്പോർട്ട് ഉള്ള സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് വിയറ്റ്നാമിലെ പൗരന്മാരെയാണ് വിസ കൂടാതെ ഇൻഡ്യയിൽ പ്രവേശിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്. അപ്രകാരം പ്രവേശിക്കുന്ന ആളുകൾക്ക് 90 ദിവസത്തിൽ കൂടാത്ത സമയംവരെ ഇൻഡ്യയിൽ താമസിക്കുവാനും അനുവാദമുണ്ട്. ഹ്യൂയേൻ ഹായിഖാൻ എന്നയാൾ സോഷ്യലിസ്റ്റ് ഓഫ് വിയറ്റ്നാമിന്റെ ഡിപ്ലോമേറ്റിംഗ് പാസ്പോർട്ടുമായാണ് എത്തിയത്. ഇതുകാരണം കേന്ദ്രഗവൺമെന്റിന്റെ 28-3-1995 ലെ മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ച് പ്രത്യേക വിസയുടെ ആവശ്യം ഉണ്ടായിരുന്നില്ല. ഹ്യൂയേൻ ഹായി ഖാൻ ചികിത്സാർത്ഥം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയിരുന്നു.

പ്രവാസി മലയാളികളുടെ നിവേദനം

145 (102) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലി ആവശ്യാർത്ഥം വിദേശത്ത് കഴിയുന്ന മലയാളികൾ വിവിധ സംഘടനകൾ മുഖേനയും വ്യക്തികൾ

LIBRARY ARCHIVES Kerala Legislative Assembly